ഭരണ ഭാഷ-മാതൃഭാഷ

WEC4/18484/19

വനിതാ ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം.
Email. Directorate.wcd@kerala.gov.in
Phone No: 0471 2346534.
തീയതി: 03.03.2022

വനിതാ ശിശു വികസന ഡയറക്ടർ,

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ്- അഭയ കേന്ദ്രങ്ങളിലെ താമസക്കാരുടെ വിവരങ്ങൾ പരസ്യപ്പെടുത്താതിരിക്കുന്നതിനുള്ള നടപടി- സംബ.

സൂചന: 1. 28.12.2021 തീയതിയിലെ വ.ശി.വി.വ -ബി3/13/221-വ.ശി.വി.വ നമ്പർ സർക്കാർ കത്ത്.

2. 17.11.2021 തീയതിയിലെ Q1-136636/221/PHQ നമ്പർ കത്ത്.

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള അഭയ കേന്ദ്രങ്ങളിലെ ഫോൺ നമ്പറും, മേൽവിലാസവും മറ്റ് വിവരങ്ങളും പോലീസ് സ്റ്റേഷനുകളിൽ നിന്നും എതിർ കക്ഷികൾക്ക് നൽകുവാൻപാടുള്ളതല്ല എന്ന് നിർദേശിച്ച് കൊണ്ട് സൂചന(2) പ്രകാരം പോലീസ് വകുപ്പ് മേധാവി ജില്ല പോലീസ് മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം നൽകുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വനിതശിശു വികസന(ബി) വകുപ്പ്

നമ്പർ.വശിവിവ-ബി3/13/2021-വശിവിവ 28/12/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
വനിതശിശു വികസന വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:- വശിവിവ-അഭയ കേന്ദ്രങ്ങളിലെ ഫോൺ നമ്പർ എതിർപാർട്ടിയ്ക്ക് നല്കാതിരിക്കമെന്ന നിർദേശം-സംബന്ധിച്ച്

സൂചന:- താങ്കളുടെ 09.08.2019, 14.07.2021 ലെ WEC4/18484/19 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഭയ കേന്ദ്രത്തിലെ അന്തേവാസികളുടെ വിവരങ്ങൾ എതിർപാർട്ടിയ്ക്ക് നല്കാതിരിക്കണമെന്നുള്ള നിർദേശം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നല്കിയിരിക്കുന്ന സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള കത്തിന്റെ പകർപ്പ് താങ്കളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ,
Indulekha I V
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

29

# പോലീസ് കേരളം വകുപ്പ്

**No. Q1-136636/2021/PHQ**


പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

✉phq.pol@kerala.gov.in

✆04712721547


തീയതി. 17-11-2021

പ്രേഷകൻ

സംസ്ഥാന പോലീസ് മേധാവി

കേരളം

സ്വീകർത്താവ്

എല്ലാ ജില്ല പോലീസ് മേധാവിമാർക്കും

സർ ,

വിഷയം : അഭയ കേന്ദ്രങ്ങളിലെ ഫോൺ നമ്പർ എതിർപാർട്ടികൾക്ക് നല്കാൻ പാടില്ല എന്നുള്ള സാമൂഹ്യ നീതി വകുപ്പിൽനിന്നുള്ള അർദ്ധ ഔദ്യോഗിക കത്തിലെ നിർദ്ദേശം പാലിക്കുന്നതിനെ സംബന്ധിച്ച്

സൂചന : സാമൂഹ്യ നീതി വകുപ്പിൽനിന്നുള്ള18/9/2019 തീയതിയിലെ സാനീവ - ബി3/232/2019 നമ്പരായുള്ള അർദ്ധ ഔദ്യോഗിക കത്ത്.

മേൽ വിഷയത്തിലേക്കും , സൂചനയിലേക്കും ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

അഭയ കേന്ദ്രങ്ങളിലെ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും , കുട്ടികൾക്കും അഭയവും സുരക്ഷിതത്വവും അവരുടെ സ്വകാര്യതയും കാത്തു സൂക്ഷിക്കുന്നതിനായി അഭയ കേന്ദ്രങ്ങളിലെ അന്തേവാസികളുടെപേര് , മേൽ വിലാസം , ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ നിന്നും എതിർകക്ഷികൾക്ക് നൽകുവാൻ പാടില്ല എന്നുള്ള സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള നിർദേശമടങ്ങുന്ന അർദ്ധ ഔദ്യോഗിക കത്ത് സൂചന പ്രകാരം ലഭ്യമായിട്ടുള്ളതിനാൽ ആയത് നടപ്പിൽ വരുത്തുന്നതിനും ,ആയതു അനുസരിച്ച് പ്രവർത്തിക്കുന്നതിനുമായി എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ എല്ലാ നിർദേശവും നൽകേണ്ടതാണെന്നു ഇതിനാൽ അറിയിച്ചു കൊള്ളുന്നു. സൂചന കത്ത് ഇതോടൊപ്പം മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ജോൺ കുട്ടി കെ എൽ

സൂപ്രണ്ട് ഓഫ് പോലീസ് (ic)

For State Police Chief

പകർപ്പ് : എല്ലാ സോണൽ ഐ ജി പിമാർക്കും, എല്ലാ റെയിഞ്ച് ഡി ഐ ജി മാർക്കും അറിവിലേക്കും, ആവശ്യമായ നടപടികൾക്കുമായി .

Q1-136636/2021/PHQ

59fae4